
# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk: 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 13 June 1999 No. 3

## എഡിറേറാറിയൽ

വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ലോകത്തിൽ വർദ്ധിച്ചു വരുന്ന കാലഘട്ടമാണിത്. ദിവസംതോറും അതു കുറയുകയല്ല, കൂടുകയാണ് ചെയ്യുന്നത്. പല ഉദ്ദേശങ്ങൾക്കു വേണ്ടി നിയമപരമായതും അല്ലാത്തതുമായ ഗ്രൂപ്പുകൾ ധാരാളമുണ്ട്. സദുദ്ദേശത്തോടെ തുടങ്ങുന്നവയും ദുരുദ്ദേശത്തോടെ തുടങ്ങുന്നവയുമുണ്ട്. ആരംഭത്തിൽ നല്ല രീതിയിൽ തുടങ്ങിയിട്ടു ചിലതു വഴി തെററി സഞ്ചരിക്കുന്നവയാണ്. വിയോജിപ്പുകളും അഭിപ്രായ ഭിന്നതകളും ഇവർക്കിടയിലുമുണ്ട്. ഇവയ്ക്കിടയിൽ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നതും തികച്ചും അനുചിതവുമായ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. അറിഞ്ഞോ അറിയാതെയോ ഇതിനെ പ്രോത്സാഹിപ്പിക്കുന്നവരും ഉണ്ട്. മനുഷ്യരുടെ നന്മക്കു വേണ്ടി നല്കപ്പെട്ടിരിക്കുന്നതാണ് എല്ലാ നിയമങ്ങൾ. അതു ഭൗതികമായ ഒരു രാജ്യത്തിൻേറതായാലും മതപരമായി, ദൈവത്തിൻേറതായാലും അതു പ്രായോഗികമാക്കുന്നതിൽ ആളുകൾ പരാജയപ്പെടുന്നതു മററു ചില പ്രതിഭാസങ്ങൾക്കു വഴി തെളിക്കുകയാണ്. നമ്മെ വഴി തെററിക്കുന്ന അത്തരം സന്ദർഭങ്ങളും സാഹചര്യങ്ങളും നാം അറിയാതിരിക്കരുത്.

*

നിയമ വിരുദ്ധമായ ഇത്തരം സംരംഭങ്ങളെ വളർത്തുന്നവർ യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളണം. പാപങ്ങളെ ന്യായീകരിക്കുന്നവരാണ് പാപികളുടെ സംഘടനക്കു നേ

ത്വതം കൊടുക്കുന്നത്. മാദ്ധ്യമങ്ങൾ അവ എടുത്തു കാണിക്കുന്നതു നിങ്ങൾ കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്തിരിക്കുമല്ലൊ. സാമൂഹ്യ തിന്മയാണല്ലൊ ഏതൊരു പാപവും. പാപത്തെ വെറുക്കുന്നതിനു പകരം അതൊരു അവകാശമായി കരുതിയാലോ എത്ര ഹീനമാണെന്നു ഓർക്കുക. പല പേരുകളിലാണ് ഇവർ അറിയപ്പെടുന്നത്. സമൂഹത്തിൽ അക്രമവും കൊലപാതകവും നടത്തുന്ന തീവ്രവാദികൾക്കു സംഘടനയുണ്ട്. അതിനെ സാമ്പത്തികമായി സഹായിക്കുന്ന വ്യക്തികളുണ്ട്. അവർ തങ്ങളുടെ നിലനില്പിനു വേണ്ടിയായിരിക്കും ഇതു ചെയ്യുന്നത്. നിരപരാധികളെ കൊന്നൊടുക്കിയിട്ട് ഇവർക്കെന്തു നേട്ടമാണുള്ളത്? മനുഷ്യത്വം മരവിച്ച ഈ പ്രവണതയെ ഇല്ലാതാക്കുവാൻ നമുക്കെന്തു ചെയ്യാൻ പററും? ലക്ഷ്യബോധം നഷ്ടപ്പെട്ട ഇവരെ ക്രിയാത്മക പ്രവർത്തനങ്ങളിലേക്കു തിരിച്ചു വിടണം. അതു കുടുംബങ്ങൾക്കും സമൂഹത്തിനും സമൃദ്ധിയും സമാധാന ജീവിതവും നയിക്കാൻ ഇടയാക്കും.

വ്യഭിചാരം കുററമാണെന്നു പറയാതിരിക്കാൻ ന്യായമായ ഒരു കാരണവുമില്ല. അവിഹിതമായ സ്ത്രീ പുരുഷ ബന്ധം വ്യക്തി ജീവിതത്തിലും കുടുംബ ബന്ധത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത്തരം പ്രവർത്തി ഉപജീവനമാക്കി തീർത്തിരിക്കുന്നവർ ഉണ്ട്. അവരെല്ലാം ഒത്തു സംഘടനയുണ്ടാക്കിയിരിക്കയാണ്. അവർക്ക് മറെറാരു ജോലിയും കിട്ടുന്നില്ല എന്ന പരാതി നീതീകരിക്കാവുന്നതല്ല. ജോലി ചെയ്തു ജീവിക്കാൻ അവർ തയ്യാറാകണം. മാന്യമായ ജോലി എവിടെയും ലഭ്യമാണ്. ഉപജീവന മാർഗ്ഗം എളുപ്പമാക്കുവാൻ അവർ നിയമത്തെ ലംഘിക്കുന്നു. അവരെയും ഉപദ്രവിക്കുന്നവരും ചൂഷണം ചെയ്യുന്നവരും ഇല്ലാതില്ല.

★

# സ്വർഗത്തിലേക്കു അനേക വഴികളോ ?

**J. C. ചോട്ട്**

മതപരമായ ആളുകൾക്കിടയിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരും അല്ലാത്തവരും ആയ ആളുകൾ ഉണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലും മററു മതങ്ങളിൽ വിശ്വസിക്കുന്നവരും ആയ ആളുകളിൽ ഭൂരിഭാഗം പേരും കരുതുന്നതു സ്വർഗ്ഗത്തിലേക്കു പല വഴികൾ ഉണ്ടെന്നാണ്. അവർ അതിനു പറയുന്നതു ഒരേ സ്ഥാനത്തേത്തുന്ന പല റോഡുകൾ ഉണ്ടല്ലൊ. അതുപോലെയാണ് സ്വർഗ്ഗത്തിലേക്കു ഏതു വഴിയിൽ കൂടെ പോയാലും അവിടെ എത്താം എന്നത്. അതു കേൾക്കുവാൻ കൊള്ളാം. പക്ഷേ ദൈവ വാഗ്ദാനവും പ്രസ്താവനയും എന്താണ് ? "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്നാണ് (യോഹന്നാൻ 14:6). സ്വർഗ്ഗത്തിൽ നിന്നു വന്ന യേശുക്രിസ്തു പറഞ്ഞിരിക്കുന്നതു സ്വർഗ്ഗത്തിലേക്കു ഏക വഴിയാണുള്ളത് എന്നാണ്. അതു ക്രിസ്തുവാണ്.

സ്വർഗ്ഗത്തിലേക്കു പോകുവാൻ പല വഴികളുണ്ടെന്നു പഠിപ്പിച്ചതാരാണ് ? ദൈവം പഠിപ്പിച്ചിട്ടില്ല; യേശുക്രിസ്തു പഠിപ്പിച്ചിട്ടില്ല. ആ വിഷയത്തെ സംബന്ധിച്ച് ബൈബിൾ പറയുന്നതെന്തെന്നു അറിയാവുന്ന ആരും പഠിപ്പിച്ചിട്ടില്ല. പല വഴികൾ ഉണ്ടെന്നു പഠിപ്പിക്കുന്നവർ പല ഉപദേശങ്ങളും പ്രബോധനങ്ങളും കേട്ടു പഠിച്ചവരാണ്. സ്വർഗ്ഗം എന്താണെന്നോ ? അതിലേക്കുള്ള പ്രവേശനം എങ്ങനെയെന്നോ പൂർണ്ണമായ അറിവില്ലാത്തവരാണ് ഇത്തരം നിഗമനങ്ങളിൽ എത്തുന്നത്. മനുഷ്യരുടെ സങ്കല്പങ്ങളും ഭാവനകളും ആണ് ഇങ്ങനെ പഠിപ്പിക്കാനിട

യായത്. മനുഷ്യരുടെ വഴിയല്ല; ദൈവത്തിന്റെ വഴി. മനുഷ്യർ വിചാരിക്കുന്നതു പോലെയല്ല, ദൈവം വിചാരിക്കുന്നത്.

യേശു പറഞ്ഞതു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻ തൊഴുത്തിൽ വാതിലൂടെ കടക്കാതെ വേറ്റെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. യേശു ക്രിസ്തുവാകുന്ന ഇടയന്റെ ശബ്ദം ആടുകൾ കേട്ടു അവനെ അനുഗമിക്കും. അന്യന്മാരുടെ ശബ്ദം അവർ അറിയാതിരിക്കുന്നതുകൊണ്ട് അവർ അന്യന്മാരെ അനുഗമിക്കയില്ല (യോഹന്നാൻ 10:16). ഞാനല്ല ഇതു പറഞ്ഞിരിക്കുന്നത്, ക്രിസ്തുവാണ്. ക്രിസ്തുവാണ് സ്വർഗ്ഗത്തിലേക്കു ആളുകളെ നയിക്കുന്നത്. ഏക വഴിയാണ് അവൻ ഒരുക്കിയിരിക്കുന്നത്. വേറെ വഴിയിൽ കൂടെ കടക്കുന്നവർ കള്ളനും കവർച്ചക്കാരനും ആകുന്നു എന്നു വ്യക്തമാക്കിയിരിക്കയാണ്. ദൈവാധികാരത്തിലുള്ള വഴി ഒന്നു മാത്രമായിരിക്കെ പല വഴികൾ മനുഷ്യർ ഉണ്ടാക്കിയിരിക്കയാണ്. അവസാനം ലക്ഷ്യ സ്ഥാനത്തു എത്താതിരിക്കും എന്നതാണ് ഇതിലെ വഞ്ചന. പലർക്കും അവസാനം പ്രവേശനം നിഷേധിക്കുമ്പോഴാണ് അവർക്കു പറ്റിയ അബദ്ധത്തിൽ ബോധോദയം ഉണ്ടാകുന്നത്. പക്ഷെ പിന്നെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ഒരു പ്രത്യേക പട്ടണത്തിലേക്കു പല വഴികൾ ഉണ്ടെന്നു പറയുന്ന ചിന്താഗതിക്കാരോടു പറയാനുള്ളതു നിങ്ങളുടെ മേലധികാരി ഔദ്യോഗികമായി ഒരു വഴിയിൽ കൂടെ മാത്രമെ പോകാവു എന്നു നിർദ്ദേശിക്കുകയാണെങ്കിൽ നിങ്ങൾ എന്തു ചെയ്യും ? നിങ്ങളുടെ മേലധികാരിയെ പ്രീതിപ്പെടുത്തുവാൻ നിങ്ങൾ ആ വഴി തിരഞ്ഞെടുക്കുകയില്ലേ ? വേറെ വഴി തിരഞ്ഞെടുത്താൽ അയാൾ നിങ്ങളെ ശിക്ഷിക്കുമെന്ന ഭയം ഉണ്ടെങ്കിൽ നിങ്ങൾ അതു ഒഴിവാക്കുകയില്ലേ ? അവസാനം പ്രതിഫലം നഷ്ടമാകും എന്നു കൂ

ടെ മനസിലായാൽ അതു തീർച്ചയായും ഒഴിവാകും. ആത്മിയമായ വഴിയും അതുപോലെയാണ്. ക്രിസ്തു കാണിച്ചു തന്നതു ഏക വഴിയാണ്. ഈ ലോകത്തിൽ മനുഷ്യനായി ജീവിച്ചു, ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേററു സ്വർഗ്ഗത്തിലേക്കു പോയി. പാപത്തിൽ നിന്നുള്ള മോചനം എന്ന രക്ഷമാർഗ്ഗമാണ് ക്രിസ്തു ഒരുക്കിയത്. നമ്മെ രക്ഷിക്കാൻ കഴിവുള്ളവനാണ്. നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാനും കഴിവുള്ളത്. പിതാവിൻെറ ഇഷ്ടം എന്ന വഴിയാണ് കർത്താവു സകല മനുഷ്യർക്കും വെളിപ്പെടുത്തി തന്നതു. ഈ കാര്യത്തിൽ മറെറാരു വഴിയുമില്ല. പ്രവേശനത്തിനു ഒരേ ഒരു വാതിൽ മാത്രമാണുള്ളത്. ആ വാതിൽ തുറക്കപ്പെടണമെങ്കിൽ ക്രിസ്തുവിൻെറ ഉപദേശമെന്ന ഏക മാർഗ്ഗത്തിലൂടെ സഞ്ചരിക്കണം. ആ ഏക വഴി സ്വീകരിപ്പാൻ അവനിൽ പൂർണ്ണമായ വിശ്വാസമാണാവശ്യം.

മനുഷ്യരുടെ പാപങ്ങളിൽ നിന്നു അവരെ മോചിപ്പിക്കുവാൻ വേറെ വഴി ഒന്നുമില്ലായിരുന്നു. അതുകൊണ്ടാണ് യേശു മരിക്കേണ്ടി വന്നത്. മറുവില കൊടുക്കാൻ മററാരും തയ്യാറായില്ല. അവൻെറ പദ്ധതി ഒന്നു മാത്രമാണ്. കർത്താവിനു ഒരേ ഒരു ശരീരമാണുള്ളത്. അതായത് ഏക സഭയാണ് എന്നർത്ഥം. അതാണ് ഏക രാജ്യം. ആ രാജ്യത്തിലെ പ്രജകൾക്ക്, സഭാംഗങ്ങൾക്ക് ഏക നിയമമാണ് നിശ്ചയിച്ചിരിക്കുന്നത്. ദൈവത്തെ ആരാധിക്കുവാനും ഏക മാർഗ്ഗമെയുള്ളു. ദൈവം സ്വീകരിക്കുന്ന ആരാധന ഒന്നു മാത്രമാണ്. സത്യത്തിലും ആത്മാവിലും ഉള്ള ആരാധനയാണത്. ഒരേ രീതിയിലുള്ള ജീവിതമാണ് നയിക്കേണ്ടതും. ആത്മാവിനു വസിപ്പാൻ ഒരേ ഒരു ഭവനമാണുള്ളത്. ദൈവേഷ്ടത്തെ മാനിക്കുന്നവർ ദൈവ വഴിയിൽ സഞ്ചരിക്കും. ഒരു വ്യക്തിയെ സ്വർഗ്ഗത്തിലേക്കു സ്വീകരിക്കുന്നതു ദൈവമായിരിക്കെ ആ ദൈവം ഒരുക്കിയ വഴി പരിഗണിക്കാതെ മററു വഴികൾ തിരഞ്ഞെടുത്ത് തൃപ്തിയടയുന്നതു എങ്ങനെ ദൈവത്തിനു

സ്വീകാര്യമാവും ? എല്ലാ മനുഷ്യരും ചെയ്യേണ്ടതെന്തെന്നാൽ എല്ലാ കാര്യത്തിലും കർത്താവിനു കീഴ്പ്പെടണം. എല്ലാ കാര്യത്തിലും അവന്റെ നിർദ്ദേശങ്ങൾ പിൻ പററണം. അതിനു പകരമായി മററൊന്നില്ല. സമാന്തര വഴികൾ എന്നു തോന്നുന്നവ ഒരിക്കലും ഒരേ സ്ഥാനത്തെത്തണമെന്നില്ല എന്ന കാര്യം നാം മറക്കരുത്.

ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ മാത്രം വിശ്വസിക്കുവാനും അതനുസരിക്കുവാനും എല്ലാവരും തയ്യാറാകണം. ഒരേ ഒരു ദൈവവും, കർത്താവും ആത്മാവുമാണ് നമുക്കുള്ളത്. കൂടാതെ വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, ശരീരം അഥവാ സഭയും പ്രത്യാശയും ഒന്നു മാത്രമാണ് (എഫെസ്യർ 4:4-6). ദൈവത്തെ ആരാധിക്കുന്ന രീതിയും ഒന്നു മാത്രമാണ്. ജീവിക്കുന്ന രീതിയും ഒന്നു മാത്രം. വിശ്വസ്തതയാണാവശ്യം, അതു മരണപര്യന്തമായിരിക്കണം (യോഹന്നാൻ 4:24; വെളിപ്പാട് 2:10). ഒരിക്കൽ മാത്രമാണ് മരണമുള്ളത്. അതുപോലെ ന്യായവിധിയും ഒന്നു മാത്രമാണ്; ഏക സ്വർഗ്ഗവും ഏക നരകവും ആണുള്ളത്. നിത്യത മുഴുവൻ ചെലവഴിക്കേണ്ടതു ഏതെങ്കിലും ഒരു സ്ഥാനത്തു മാത്രം (എബ്രായർ 9:27; മത്തായി 25:46).

മുകളിൽ പ്രതിപാദിച്ച കാര്യങ്ങൾ എല്ലാം സത്യമായിരിക്കെ സ്വർഗ്ഗത്തിലേക്കു പോകുവാൻ എന്തിനാണ് അനേക വഴികൾ ? മനുഷ്യർ മററു വഴികളെ ആശ്രയിക്കുന്നതെന്തുകൊണ്ടാണ് ? ദൈവ വചനത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടാണോ ? മനുഷ്യനു ഏററവും ആവശ്യമെന്തെന്നു കൂടുതൽ അറിയാവുന്നതു ദൈവത്തിനാണല്ലോ. ആ സൃഷ്ടി കർത്താവാണ് മനുഷ്യർക്കായി ഒരു വഴി തയ്യാറാക്കിയത്. രക്ഷിക്കപ്പെടുവാൻ ഒരേ ഒരുവഴി. സ്വർഗ്ഗത്തിലേക്കു പോകുവാനും ഏക വഴിയാണുള്ളത്.

★

# ദുഷിച്ച വിത്തു നശിപ്പിക്കുക

## ഡേവിഡ് വെയിഡ്

ഒരിക്കൽ ഒരു കർഷകൻ തൻെറ വിളവു സംരക്ഷിക്കുവാനായി വയലിനു ചുററും മുളംപ്പടർപ്പു പന്തലിച്ചു വലയായി വളരുന്ന ഒരു വിത്തു വിതക്കുന്നതു ഒരു പക്ഷി മററു പക്ഷികളോടു ''ആ മനുഷ്യൻ വിതെക്കുന്നതു സൂക്ഷിച്ചു കൊൾക'' എന്നു പറഞ്ഞു. പക്ഷെ അധികം പക്ഷികളും ഈ മുന്നറിയിപ്പ് കാര്യമാക്കിയില്ല. ആ വിത്തുകൾ വളർന്നു വലുതായി തീർന്നു. കർഷകൻെറ വിളവ് തിന്നാൻ വന്ന പക്ഷികളെല്ലാം പറന്നു അതിനു മുകളിൽ ഇരുന്നവയെല്ലാം മുളം വലയിൽ അകപ്പെട്ടു. അവയ്ക്കു രക്ഷപ്പെടാനായില്ല. ഈ കഥ നമ്മെ പഠിപ്പിക്കുന്ന ധാർമ്മികമായ ഒരു സത്യമുണ്ട്. ദ്രോഹപരമായ ഒന്നിനെ വളരുവാൻ അനുവദിച്ചാൽ അതു നാശം കൊയ്യും എന്നതാണ്. ദുഷിച്ച വിത്തു നശിപ്പിക്കുക എന്നതാണ് പ്രശ്ന പരിഹാരം. മനുഷ്യ ജീവിതത്തിൽ ഇതു വാസ്തവമാണെന്നു നമ്മുടെ അനുഭവങ്ങൾ തെളിയിക്കുന്നു.

ബൈബിളിൽ ധാരാളം മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്. നാം നാശത്തിനിരയായി തീരരുത് എന്ന ഉദ്ദേശത്തോടെ പ്രസ്താവിച്ചിരിക്കുന്നവയാണ് അവ. അവയെ അവഗണിക്കുന്നവർ അനന്തര ഫലം അനുഭവിക്കും. ''വഞ്ചിക്കപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചു കൂടാ. മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നും നാശം കൊയ്യും. ആത്മാവിൽ വിതെക്കുന്നവൻ, ആത്മാവിൽ നിന്നു നിത്യജീവൻ കൊയ്യും (ഗലാത്യർ 6:7-8). എന്താണ് ഇതിൻെറ അർത്ഥം. ലോക പ്രകാരമുള്ള പ്രവർത്തികൾ ചെയ്യുന്നവർക്കു കിട്ടുന്ന ഫലം ലൗകികമായിരിക്കും. ആത്മിക പ്രവർത്തികൾ ചെയ്യുന്നവർക്കു കിട്ടുന്ന ഫലമോ ആത്മികമായിരിക്കും എന്നതാണ്. ധാരാളം ഉദാഹരണങ്ങൾ

ബൈബിൾ വായിച്ചാൽ നമുക്കു ഗ്രഹിക്കാം. ദുഷ്ട മനുഷ്യർ അവരുടെ ദുഷ്പ്രവർത്തികളുടെ ഫലവും നീതിമാന്മാർ അവരുടെ സൽപ്രവൃത്തികളുടെ ഫലവും അനുഭവിക്കയുമുണ്ടായി.

ഭക്തന്മാർ മരിക്കുന്നതുപോലെ ഞാൻ മരിക്കട്ടെ; എന്റെ അവസാനം അവന്േറതുപോലെ ആകട്ടെ എന്നത്രെ ബിലെയാം പറഞ്ഞത് (സംഖ്യാപുസ്തകം 23:10). എന്നാൽ അവനു ഭക്തന്മാരെപോലെ മരിക്കാൻ സാധിച്ചില്ല. കാരണം അവൻ ദുഷ്ടന്മാരെപോലെ ജീവിച്ചു (സംഖ്യാപുസ്തകം 31:8,16). പത്രൊസ് ബിലെയാമിനെ കുറിച്ചു പറയുന്നതു: അവൻ അനീതിയുടെ കൂലി കൊതിച്ചു എങ്കിലും തന്റെ അകൃത്യത്തിനു ശാസന കിട്ടി. ഉരിയാടാക്കഴുത മനുഷ്യ വാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലൊ എന്നാണ് (2 പത്രൊസ് 2:15) ബിലെയാം വിതെച്ചതു തന്നെയാണ് വാസ്തവത്തിൽ കൊയ്തതു. വിചാരം വിതെച്ചു പ്രവൃത്തി കൊയ്യുന്നു. പ്രവൃത്തി വിതെച്ചു പെരുമാററം കൊയ്യുന്നു. പെരുമാററം വിതെച്ചു സ്വഭാവം കൊയ്യുന്നു. സ്വഭാവം വിതെച്ചു ലക്ഷ്യം കൊയ്യുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. തിന്മ വിതെച്ചാൽ അതിൽ നിന്ന് ഒരിക്കലും നന്മ കൊയ്യാറില്ല. ധനവാന്റെയും ലാസറിന്േറയും ഉപമയിൽ യേശുക്രിസ്തു പഠിപ്പിച്ച സത്യം ഓർമ്മിക്കുന്നുണ്ടല്ലൊ, ധനവാനും ലാസറും ജീവിച്ചിരുന്നപ്പോൾ ധനവാൻ നന്മയും ലാസർ തിന്മയും അനുഭവിച്ചു. എന്നാൽ മരണശേഷം ധനവാനു യാതനയും ലാസറിനു നന്മയും ലഭിച്ചു (ലൂക്കൊസ് 16:25).

എല്ലാവരും പഠിക്കേണ്ടതായ ഒരു സത്യം ഉണ്ട്. നമ്മുടെ അനുഭവം നോക്കിയല്ല ദൈവം പ്രവർത്തിക്കുന്നത്. ഓരോരുത്തനു താന്താന്റെ പ്രവൃത്തികൾക്കനുസരിച്ച പ്രതിഫലമാണ് ദൈവം കൊടുക്കുന്നത്.

★

# ക്രിസ്തുവിന്റെ ഉൽക്കണ്ഠ

## വിൻഫ്രെഡ് ക്ലാർക്ക്

യേശുവിന്റെ അഗാധമായ കരുതൽ കണ്ടെത്താത്ത ഒരദ്ധ്യായവും ബൈബിളിൽ വായിക്കാൻ പററുകയില്ല. വളരെ ഗൗരവമേറിയ ദൗത്യമായിരുന്നു അവന്നു ഭൂമിയിൽ നിർവ്വഹിപ്പാനുണ്ടായിരുന്നത്. പാഴാക്കുവാൻ ഒട്ടും സമയം ഉണ്ടായിരുന്നില്ല. അന്നും, നമ്മുടെ ഇന്നത്തെ കാലയളവിലും അവനുള്ള കരുതലുകൾ പല കാര്യങ്ങളിലും വളരെ പ്രകടമാണ്. അവയെല്ലാം ദൈവ പുത്രനെ വളരെ വ്യക്തമായി കാണുവാനും മനസിലാക്കുവാനും സഹായിക്കുന്നവയാണ്. തന്റെ അനുയായികളായ നമുക്ക് നമ്മുടെ ഉത്തരവാദിത്വങ്ങൾ ബോധ്യമാക്കുകയും ചെയ്യും. യോഹന്നാൻ നാലാം അദ്ധ്യായത്തിൽ നാം അവനോടുകൂടെ യാത്ര ചെയ്താൽ ദൈവ പുത്രന്റെ സ്വഭാവം നമുക്കു കൂടുതൽ അടുത്തറിയാൻ കഴിയും. അവിടെ പ്രതിപാദിച്ചിരിക്കുന്ന സംഭവങ്ങൾ ദയവായി പരിശോധിക്കുക.

## 1 അറിവിനെ കുറിച്ചുള്ള ഉൽക്കണ്ഠ

ഒരു കിണററിൽ നിന്നു വെള്ളം കോരുവാൻ വന്ന സ്ത്രീയുമായുള്ള യേശുവിന്റെ സംഭാഷണത്തിൽ അവളോടുള്ള പ്രതികരണത്തിൽ ദർശിക്കാവുന്ന കാര്യമാണിത് (യോഹന്നാൻ 4:7). യേശു അവളോടു കുടിപ്പാൻ വെള്ളമാണ് ചോദിച്ചത്. പക്ഷെ അവൾക്കു ഞെട്ടലുണ്ടായി. കാരണം അവൾ ശമര്യക്കാരിയും കുടിപ്പാൻ ചോദിക്കുന്നവൻ യെഹൂദനുമായിരുന്നു. യെഹൂദന്മാർ അന്ന് ശമര്യക്കാരുമായി സമ്പർക്കം പുലർത്തിയിരുന്നില്ല. പക്ഷെ അവൻ അവളോടു പറഞ്ഞതു: ''നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്ന

ത്രെ (യോഹന്നാൻ 4:10). ആ സ്ത്രീ അറിയാതിരുന്ന കാര്യത്തെ കുറിച്ചായിരുന്നു അവനു വിചാരമുണ്ടായിരുന്നത് അവരം അറിയാതിരുന്നതു അവളുടെ അറിവിനെ പരിമിതമാക്കി. താൻ ആരാണെന്നു യേശു അന്നവരംക്കു വ്യക്തമാക്കി കൊടുത്തു. നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശിഹ എന്നു അവൻ അവളോടു തുറന്നു പറഞ്ഞു (യോഹന്നാൻ 4:26).

ശരിയായ അറിവു ലോകത്തിനുണ്ടാകേണ്ട ഒരു കരുതൽ യേശുവിൻെറ മഹത്തായ ആജ്ഞയിൽ അടങ്ങിയിട്ടുണ്ട് ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളേയും ഉപദേശിക്കുവാൻ കർത്താവു കല്പിച്ചിട്ടല്ലേ (മത്തായി 28: 18-19). ഉപദേശിക്കൽ അറിവു പകരുകയല്ലേ ചെയ്യുന്നത് ? ആളുകരം അറിയേണ്ടത് അറിയാതെ പോകരുത് എന്നതു ദൈവിക കരുതൽ വെളിപ്പെടുത്തുകയാണ്. സത്യം ആളുകരം അറിയും സത്യം അവരെ സ്വതന്ത്രരാക്കും എന്നു കർത്താവു പറയുവാൻ കാരണം മറ്റൊന്നുമല്ല (യോഹന്നാൻ 8:32).

## 2 ധാർമ്മികതത്തെ കുറിച്ചുള്ള ഉൽക്കണ്ഠ

ഒരു ഭർത്താവിനെ കുറിച്ച് യേശു ആ സ്ത്രീയോടു പറഞ്ഞ പ്രസ്താവനയിൽ ഇതു കാണാവുന്നതാണ്. അവളുടെ അവസ്ഥ തൻെ അറിയുന്നതായി അവൻ അവളെ മനസിലാക്കി കൊടുത്തു. ''നിൻെറ ഭർത്താവിനെ വിളിച്ചു കൊണ്ടുവരിക'' എന്ന് അവൻ അവളോടു പറഞ്ഞു (യോഹന്നാൻ 4:16). അവളുടെ പ്രതികരണം ''എനിക്ക് ഭർത്താവില്ല'' എന്നായിരുന്നു (യോഹന്നാൻ 4:17). എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി. അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു. ഇപ്പോരം ഉള്ളവനോ നിൻെറ ഭർത്താവല്ല: നീ പറഞ്ഞതു സത്യം തന്നെ എന്നു യേശു പറഞ്ഞു. ഈ സ്ത്രീയുടെ അധാർമ്മികതത്തിൽ വിചാരമുള്ളവനായിരുന്നു നമ്മുടെ കർത്താവ്. അവരം

അങ്ങനെ അങ്ങു ജീവിച്ചോട്ടെ എന്നു കരുതിയില്ല. അതൊരു പുതിയ അനുഭവമായി അവൾ ജീവിക്കട്ടെ എന്നു വിചാരിക്കാതെ അവളുടെ ജീവിതത്തിലെ വസ്തുതകളെ മുഖാമുഖമായി കൊണ്ടുവന്നു. അവൻെറ അപാരമായ ജ്ഞാനത്തിൽ അവൾ അതിശയിച്ചു അനന്തരം സ്ത്രീ പട്ടണത്തിൽ ചെന്നു ജനങ്ങളോടു: ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ; അവൻ പക്ഷെ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു (യോഹന്നാൻ 4:29). ദൈവ പുത്രൻെറ മുൻപാകെ അവളുടെ പാപത്തിൻെറ ലജ്ജ മൂടിവെക്കാൻ കഴിയുകയില്ല എന്നവൾ മനസ്സിലാക്കി. പലർക്കും കഴിയാത്തതു അവരുടെ തെററുകൾ തുറന്നു പറയാൻ സാധിക്കുന്നില്ല എന്നതാണ്. തുറന്നു പറഞ്ഞാലും ഇല്ലെങ്കിലും ദൈവം അതു അറിയുന്നുണ്ട് എന്ന കാര്യമാണ് ശ്രദ്ധേയം.

## 3 ആരാധനയെ കുറിച്ചുള്ള അവൻെറ ഉൽക്കണ്ഠ

ശമര്യക്കാരിയുമായുള്ള സംഭാഷണത്തിനിടയിൽ നമസ്ക്കാരം എന്ന വിഷയം കടന്നുവന്നു. വാസ്തവത്തിൽ അവളാണ് അതു ആദ്യം പുറത്തു വിട്ടത്. ശമര്യക്കാരുടെ ആരാധനാ രീതിയാണ് അവൾ അവനോടു പറഞ്ഞത് (യോഹന്നാൻ 4:20). യെഹൂദന്മാർ ദൈവത്തെ ആരാധിച്ചിരുന്നത് യെരുശലേമിൽ ആയിരുന്നു എന്നും അവൾക്ക് അറിയാമായിരുന്നു. നമസ്ക്കാരത്തെ സംബന്ധിച്ച സത്യം അവൾ അറിയണമെന്നു ക്രിസ്തു ആഗ്രഹിച്ചു. ആരാധനയിൽ കർത്താവിനുള്ള ഉൽക്കണ്ഠ വെളിപ്പെടുത്തുകയാണ് ചെയ്തതു.

ആരാധനയെ കുറിച്ചു യേശു പറഞ്ഞതു എന്ത് എന്നു നോക്കാം. ''ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം'' (യോഹന്നാൻ 4:24). ഇവിടെ കർത്താവു ഉപയോഗിച്ച ഭാഷയിൽ ആരാധനയുടെ വിശിഷ്ടതയെ ചൂ

ണ്ടികാണിക്കുകയാണ്.  എങ്ങനെ ആയിരിക്കണം എന്നതിൽ മാത്രമല്ല, ആരെ ആരാധിക്കണം എന്ന കാര്യത്തിലും അവൻ ഉൽക്കണ്ഠയുള്ളവനാണ്.  ദൈവത്തെ മാത്രമെ വണങ്ങി, ആദരിച്ച് നമസ്ക്കരിക്കാവു.  ആ നമസ്ക്കാരം ആത്മാവിലും സത്യത്തിലും ആയിരിക്കണം.  ആരാധന വെറും ഒരു ചടങ്ങാകാതെ ആത്മാർത്ഥമായ മനോഭാവത്തോടെ വേണം ആരാധിക്കുവാൻ.  കാരണം ദൈവം പ്രസാദിക്കുവാനാണല്ലൊ അവനെ ആരാധിക്കുന്നതു.  അപ്പോൾ മനോഭാവം സത്യസന്ധമായിരിക്കണം.  സത്യ വചനത്തെ മാററി നിർത്തി എങ്ങനെയെങ്കിലും ഏതെങ്കിലും ഒരു സമൂഹത്തിൽ പോയി ആരാധിച്ചാൽ അത്തരത്തിലുള്ള പ്രവൃത്തിയിൽ ദൈവം സന്തുഷ്ടനാകയില്ല.  നമ്മെ തൻെറ വചനത്തിൽ പഠിപ്പിച്ചിരിക്കുന്നതുപോലെ വേണം നാം അവനെ നമസ്ക്കരിക്കുവാൻ.

## 4 ദൈവേഷ്ടത്തെ കുറിച്ചുള്ള അവൻെറ ഉൽക്കണ്ഠ

ശിഷ്യന്മാർ ഗ്രാമത്തിൽ പോയി തിരിച്ചു വന്നു യേശുവിനോടു ഭക്ഷിപ്പാൻ ആവശ്യപ്പെട്ടപ്പോൾ അവൻെറ പ്രതികരണം എന്തായിരുന്നുവെന്നോ ? അതിന്നു അവൻ നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട് എന്നു അവരോടു പറഞ്ഞു.  ആകയാൽ വല്ലവനും അവന്നു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. യേശു അവരോടു പറഞ്ഞതു എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്തു അവൻെറ പ്രവൃത്തി തികെക്കുന്നതു തന്നെ എൻെറ ആഹാരം (യോഹന്നാൻ 4:32-34).  യേശുവിൻെറ ആദ്യത്തെ മുൻഗണന ദൈവേഷ്ടമായിരുന്നു.  യേശുവിൻെറ മനസിലെ പ്രഥമസ്ഥാനം അതു തന്നെയായിരുന്നു.

(ശേഷം 19-ാം പേജിൽ)

# അവർ എന്തു ചെയ്തു ?

## ബെറ്റി ബർട്ടൻ ചോട്ട്

ബൈബിളുമായി മേശക്കു ചുററും ഇരുന്നപ്പോരം, ''നമ്മുടെ ബൈബിറം പഠനം എനിക്കു വളരെ ഇഷ്ടമായി'' റെയിച്ചൽ ആൻഡ്രുവിനോടു പറഞ്ഞു. എനിക്കും ഇഷ്ടമാണ് ആൻഡ്രു പ്രതിവചിച്ചു.

''ബൈബിളും മതവും മനുഷ്യനെ മുഷിപ്പിക്കുന്നതാണെന്നു കരുതാൻ എന്താണ് കാരണമെന്ന് എനിക്കറിയില്ല. ഒരു പക്ഷെ അതു ആളുകരം അതെല്ലാം ഒരു ചടങ്ങു മാത്രമായി ചെയ്യുന്നതു കൊണ്ടാകാം'' ആൻഡ്രു തന്നെ അതിനുത്തരവും കണ്ടെത്തി. പക്ഷെ നാം ജീവിതത്തിലെ ഏററവും നല്ല കാര്യങ്ങരം നഷ്ടമാക്കിയിരിക്കയാണ് എന്ന് അവർ സമ്മതിച്ചു.

അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം ഇന്നുച്ച കഴിഞ്ഞ് ഞാൻ വായിക്കയുണ്ടായി ! അപ്പൊസ്തലന്മാർ യേശുവിൻെറ നാമത്തിൽ സംസാരിക്കുന്നതു ഇഷ്ടപ്പെടാതിരുന്ന മതാദ്ധ്യക്ഷന്മാർക്കു അവരോടു ശത്രുത വർദ്ധിച്ചു വന്നു. 7-ാം അദ്ധ്യായത്തിൽ ഒരു ക്രിസ്ത്യാനി അവരാൽ കൊല്ലപ്പെടുകയും ചെയ്തു. പിന്നീട് ശക്തനായ ഒരു യഹൂദ പ്രമാണിയായിരുന്ന ശൗലിനെ നാം കാണുന്നുണ്ട്. അവൻെറ ശ്രമമെല്ലാം ക്രിസ്ത്യാനികളെ തടവിലാക്കുവാനും സഭയെ ഉപദ്രവിക്കുന്നതിനും ആയിരുന്നു. ഈ ഉപദ്രവം അവർ വിചാരിച്ചതിനു വിപരീതമായ ഫലമാണ് ഉളവാക്കിയത്. ഈ ഉപദ്രവം ഉണ്ടായപ്പോരം അതൊഴിവാക്കുവാൻ ക്രിസ്ത്യാനികരം അവിടവിടെ ചിതറിപ്പോയപ്പോരം എല്ലായിടത്തും വചനം സംസാരിച്ചു കൊണ്ടു നടന്നു എന്നതായിരുന്നു അതിശയം''.

അതു അപ്പൊസ്തല പ്രവൃത്തി 8-ാം അദ്ധ്യായം 4-ാം വാക്യത്തിൽ കാണുന്നു പിന്നെ ഫിലിപ്പൊസ് ശമര്യ പട്ടണത്തിൽ പോയി പ്രസംഗിക്കുന്നുണ്ട്. അവൻ അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത് (വാക്യം 5). എന്നാൽ ദൈവരാജ്യത്തേയും യേശുവിൻെറ നാമത്തെയും പ്രസംഗിച്ച ഫിലിപ്പൊസിനെ ആളുകൾ വിശ്വസിച്ചപ്പോൾ സ്ത്രീകളും പുരുഷന്മാരും സ്നാനം ഏററു (വാക്യം 12). ഈ വേദഭാഗം നമ്മെ വളരെ കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്. പ്രത്യേകമായി ദൈവ രാജ്യത്തെ കുറിച്ചും യേശുവിൻെറ നാമത്തെ കുറിച്ചും അവൻ പ്രസംഗിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവ രാജ്യം അഥവാ സഭയുടെ പ്രാധാന്യം മനസിലാക്കികൊടുക്കുവാനാണ് അങ്ങനെ പ്രസംഗിച്ചത്. അടുത്തത് രക്ഷ യേശുവിൻെറ നാമത്തിൽ ആണ് ഉള്ളത്. ഈ രണ്ടു വിഷയങ്ങളിലും മററനേകം കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അല്ലെങ്കിൽ ജനങ്ങൾ സ്നാനമേല്ക്കേണ്ട ആവശ്യമില്ലല്ലൊ. പുരുഷന്മാരും സ്ത്രീകളും സ്നാനമേററു എന്നു പറഞ്ഞിരിക്കയാൽ കുട്ടികളാരും അതിൽ ഉണ്ടായിരുന്നില്ല എന്നു സ്പഷ്ടം. കുട്ടികൾക്കു സ്നാനത്തിൻെറ ആവശ്യം തന്നെ ഇല്ലല്ലൊ.

റെയിച്ചിലേ എനിക്ക് ഒരു ആശയം തോന്നുന്നു! അന്നു ആളുകളോടു സുവിശേഷം പ്രസംഗിച്ചപ്പോൾ അവർ ക്രിസ്ത്യാനികളായി തീർന്ന വസ്തുതകളെല്ലാം പരിശോധിച്ചാലോ ? അപ്പോൾ സംഭവിച്ച കാര്യങ്ങൾ എല്ലാം വ്യക്തമായാൽ അതു നമ്മുടെ പഠനത്തിനു സഹായകരമാകും'' ആൻഡ്രു പറഞ്ഞു.

എന്തു നല്ല ആശയം എന്നു പറഞ്ഞു റെയിച്ചിൽ അതു സമ്മതിക്കുകയും പേനയും ബുക്കും എടുത്തുവെച്ച് അവർക്കുള്ളിൽ ഉണ്ടായിരുന്ന സംശയങ്ങൾ എല്ലാം കുറിച്ചു വെച്ചു. ''ശരി നമുക്ക് ആരംഭിച്ചു കളയാം''. ആദ്യമായി കേൾക്കുന്നവർ-യെഹൂദന്മാർ, സ്ഥലം - യെരുശലേം, വാ

ക്യം അപ്പൊസ്തല പ്രവൃത്തികൾ 2-ാം അദ്ധ്യായം. അപ്പൊസ്തലന്മാരാണ് പ്രസംഗിച്ചത് എന്തായിരുന്നു പ്രസംഗം ? ദൈവ പുത്രനായ യേശുവായിരുന്നു വിഷയം. പ്രതികരണം എന്തായിരുന്നു ? അവർ ഹൃദയത്തിൽ കുത്തുകൊണ്ടു എന്നു കാണുന്നു. അതിന്റെ അർത്ഥം അവർ അതു വിശ്വസിച്ചു എന്നാണ്. അവരോടു അപ്പൊസ്തലന്മാർ ആവശ്യപ്പെട്ടതു: ഓരോരുത്തരും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനമേല്ക്കുവിൻ എന്നായിരുന്നു (രക്ഷിക്കപ്പെട്ടു).

രണ്ടാമത്തെ സംഭവം, യെരുശലേം ദേവാലയത്തിലായിരുന്നു (പ്രവൃത്തി 3 ഉം 4 ഉം അദ്ധ്യായങ്ങൾ). അപ്പൊസ്തലന്മാരായിരുന്നു പ്രസംഗിച്ചത്. വിഷയം- ദൈവ പുത്രനായിരുന്ന യേശു. ആളുകൾ എന്തു ചെയ്തു ? അവർ വിശ്വസിച്ചു, മാനസാന്തരപ്പെട്ടു, പുതുക്കം പ്രാപിച്ചവരായി തീർന്നു (രക്ഷിക്കപ്പെട്ടു).

പ്രധാനപ്പെട്ടവയുടെ അടിയിൽ വരച്ചിട്ടാൽ അതു പെട്ടെന്നു മനസിലാക്കാൻ സഹായിക്കുമെന്നു റെയിച്ചിൽ അഭിപ്രായപ്പെട്ടു.

ആൻഡ്രു പേജുകൾ മറിച്ച് നോക്കാൻ തുടങ്ങി. ഫിലിപ്പൊസ് എന്നൊരു മനുഷ്യൻ ശമര്യയിൽ പോയി പ്രസംഗിച്ചതായി പറയുന്നു (പ്രവൃത്തി 8). കേൾവിക്കാർ ശമര്യക്കാരായിരുന്നു. അവർ എന്തായിരുന്നു പ്രസംഗിച്ചത് ? ക്രിസ്തുവായിരുന്നു പ്രസംഗ വിഷയം. ദൈവ രാജ്യത്തെ കുറിച്ചും യേശുവിന്റെ നാമത്തെ കുറിച്ചും പ്രസംഗിച്ചു. ആളുകളുടെ പ്രതികരണം, വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യലായിരുന്നു. ഫിലിപ്പൊസിന്റെ പ്രസംഗം കേട്ടു ശിമോൻ എന്ന ഒരാൾ വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്തു.

ഒരു ദൂതൻ ഫിലിപ്പൊസിനോടു: നീ മരുഭൂമിയിൽ

ചെന്നു ഒരു മനുഷ്യനോടു സുവിശേഷം അറിയിക്കാൻ ആവശ്യപ്പെടുന്നു. "ഇതു വളരെ രസകരമായിരുന്നു" ആൻഡ്രൂ റെയിച്ചിലിനോടു പറഞ്ഞു. എന്തുകൊണ്ടു ദൂതൻ തന്നെ പോയി സന്ദേശം അറിയിച്ചില്ല ? എന്തുകൊണ്ടായിരിക്കണം യേശുവും ദൂതൻമാരും ലോകത്തിൽ എല്ലായിടത്തും സുവിശേഷം അറിയിക്കാതിരുന്നത് ? "ഒരുപക്ഷെ ആളുകളിൽ കൂടെ അതെത്തിക്കണമെന്നായിരിക്കും ദൈവത്തിൻെറ പദ്ധതി." റെയിച്ചൽ ഉത്തരം കണ്ടെത്തി.

എങ്ങനെയായാലും ഫിലിപ്പോസ് ശമര്യയിൽ നിന്നു പോയി എത്യോപ്യക്കാരനോടു സുവിശേഷം അറിയിച്ചു (പ്രവൃത്തി 8:26). അവൻ യേശുവിനെ പ്രസംഗിച്ചു എന്നാണ് വിവരിച്ചിരിക്കുന്നത്. യേശുവിൻെറ മരണത്തെ കുറിച്ചു യെശയ്യാവു പ്രവചിച്ചിരുന്നതിനെ വിശദീകരിച്ചുകൊണ്ടു പഠിപ്പിച്ചപ്പോൾ അവൻ പ്രതികരിച്ചു. "ഇതാ വെള്ളം ഞാൻ സ്നാനമേല്ക്കുവാൻ എന്തു വിരോധം എന്നു ചോദിച്ചു. "നീ വിശ്വസിക്കുന്നുവെങ്കിൽ ആകാമെന്നു സുവിശേഷകൻ മറുപടി പറഞ്ഞു. അങ്ങനെ ഫിലിപ്പോസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു. ഷണ്ഡൻ സന്തോഷിക്കുകയും ചെയ്തു.

ഇവിടെ സ്നാനത്തെ കുറിച്ചു ഷണ്ഡൻ എങ്ങനെ മനസിലാക്കി ? സുവിശേഷകൻ അതും പഠിപ്പിച്ചിരിക്കും. വിശ്വാസം വന്നാൽ തുടർന്നു ചെയ്യേണ്ട കാര്യങ്ങൾ കൂടെ ബോധ്യപ്പെടുത്തിയിരിക്കും എന്നതു സ്പഷ്ടമാണ്. മരുഭൂമിയിൽ "അധികം വെള്ളമൊന്നും കിട്ടുകയില്ലല്ലൊ. അതുകൊണ്ടു കുറച്ചു വെള്ളമെടുത്തു തളിച്ചു സ്നാനപ്പെടുത്തിയിരിക്കാമെന്നു റെയിച്ചിൽ സംശയം പ്രകടിപ്പിച്ചു. 'ഇല്ല' ആൻഡ്രൂ പറഞ്ഞു: അവർ ഇരുവരും വെള്ളത്തിൽ ഇറങ്ങി എന്നതു അവൻ വായിച്ചു കേൾപ്പിച്ചു.

★

(14-ാം പേജിൻെറ തുടർച്ച)

ആഹാരമോ ഉറക്കമോ മററെന്തായാലും അതിനു മുൻപു ദൈവഹിതം നിറവേററുകയാണ് അവൻ ചെയ്തിരുന്നത്. പിതാവിൻെറ ഇഷ്ടമാണ് പരമോന്നതമായത്. അതു കൊണ്ട് അവനു അതിനെ കുറിച്ചു വിചാരമുണ്ടായിരുന്നു.

## 5 മനുഷ്യൻെറ നഷ്ടപ്പെട്ട അവസ്ഥയെ കുറിച്ച് അവനു ഉൽക്കണ്ഠയുണ്ടായിരുന്നു.

ഈ ഭൂമിയിൽ അവൻ വരുവാൻ തന്നെ കാരണം അതായിരുന്നുവല്ലൊ. ശമര്യക്കാരിയോടുള്ള സംസാരത്തിൽ നഷ്ടപ്പെട്ടു പോകുന്നതിനെ കുറിച്ചുള്ള അവൻെറ വിചാരത്തെ പുറത്തുകൊണ്ടു വരുന്നുണ്ട്. ഒരാത്മാവുപോലും നഷ്ടപ്പെട്ടു പോകുന്നത് അവനിഷ്ടമല്ല; ആ സ്ത്രീയുടെ ആത്മാവ് നഷ്ടപ്പെട്ടു പോകരുത് എന്നു വച്ചാണ് യേശു അവളോടു സംസാരിക്കുന്നത്. അവൻെറ വായിൽ നിന്നു പുറപ്പെട്ട സത്യ വചനങ്ങൾ എല്ലാം തന്നെ ആത്മാവിൻെറ രക്ഷക്കു വേണ്ടുന്നതായിരുന്നു. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നത് അറിയാമല്ലൊ. അപ്പൊസ്തലന്മാരോടു യേശു പറഞ്ഞതു ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നു എന്നാണ്. അവൻ പഠിപ്പിച്ചു പരിശീലിപ്പിച്ചെടുത്ത ശിഷ്യന്മാരെ ലോകത്തിൽ എങ്ങും പോയി സുവിശേഷം അറിയിക്കാൻ കല്പിക്കുന്നതു നഷ്ടപ്പെട്ടു പോകുന്നവരെ കുറിച്ചുള്ള അവൻെറ വിചാരം കൊണ്ടാണ്. യോഹന്നാൻ നാലാം അദ്ധ്യായത്തിൽ കർത്താവിൻെറ പല വിധ ഉൽക്കണ്ഠകളെ കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അവ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ്.

★

# സഭയ്ക്കുള്ളിലെ മനോഭാവം മെച്ചപ്പെടുത്തൽ

**സഭ** എന്നതു ലോകത്തിൽ നിന്നു വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ്. പല പശ്ചാത്തലങ്ങളിൽ നിന്നും വന്നവരായിട്ടുള്ള ആളുകളാണ് അവർ. മാനുഷികമായ ചിന്തകളും സ്വഭാവങ്ങളും അവരിൽ ഉള്ളതു വിഭിന്നങ്ങളായിരിക്കും. അതു തിരിച്ചറിയാനുള്ള വിവേകം ഓരോരുത്തർക്കും ഉണ്ടാകണം. അതിനു സഹായകമായ ഏതാനും കാര്യങ്ങളാണ് ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. നാമധേയ വിഭാഗങ്ങളിലുള്ളവരുടെ കാര്യമല്ല ഇവിടെ പറയുന്നത് എന്നോർക്കുക. കർത്താവിന്റെ ഏക സഭയിലമയി തീർന്നവർ തിരിച്ചറിഞ്ഞു പെരുമാറേണ്ട മാനദണ്ഡമാണ് പറയുന്നത്. എന്നാൽ സഭയ്ക്കു പുറത്തുള്ളവർക്കും കർത്താവിന്റെ കല്പനകൾ പ്രമാണിച്ചു ജീവിച്ചില്ലെങ്കിൽ അന്ത്യം ഫലമില്ലാത്തതാകും. നാം ചിന്തിക്കേണ്ടതും അനുവർത്തിക്കേണ്ടതുമായ ജീവിതരീതി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ഏതൊരു വിഷയത്തിനെ കുറിച്ചും മുഴുവൻ സത്യം നാം അറിയണം.

1 സ്വയം മനസിലാക്കുക എന്നതു പരമ പ്രധാനമാണ്. നിങ്ങൾ പൂർണ്ണനല്ല എന്ന കാര്യം ബോധ്യപ്പെടണം. അതുകൊണ്ടു എവിടെയെങ്കിലും പൂർണ്ണതയുള്ള ആളുകളുടെ കൂട്ടമാകുന്ന സഭയുണ്ടെങ്കിൽ നിങ്ങൾ അവിടെ അനുയോജ്യനല്ല. ചുരുക്കമിതാണ് ഭൂമിയിൽ എവിടെ ചെന്നാലും കുറവില്ലാത്ത മനുഷ്യരെ നിങ്ങൾക്കു കാണാൻ കഴിയുകയില്ല എന്നതാണ്.

2 ലോക പ്രകാരമുള്ള കാപട്യത്തിൽ ജീവിക്കുന്ന അംഗങ്ങളെ എടുത്തു കാണിക്കുന്നതിനേക്കാൾ ആത്മാർത്ഥതയുള്ള, സമർപ്പിക്കപ്പെട്ട ആത്മീയ സ്വഭാവമുള്ള അംഗത്തെ എടുത്തു കാണിക്കുക. അതായതു നാം തിന്മയല്ല, നന്മ

യാണ് കണ്ടെത്താൻ ശ്രമിക്കേണ്ടത്. അതിനർത്ഥം അവരുടെ തെററുകൾ തിരുത്തേണ്ട എന്നല്ല. അവരുടെ പോരാ യ്മകൾ അവർക്കു സ്നേഹത്തോടെ സൗമ്യതയോടെ ബോധ്യപ്പെടുത്തി കൊടുക്കണം. അവരിലുള്ള നല്ല ഗുണങ്ങളെ പ്രോത്സാഹിപ്പിക്കയും വേണം.

3 നിങ്ങൾ പ്രായമുള്ള വ്യക്തിയാണെങ്കിൽ, നിങ്ങളുടെ ചെറുപ്പം നിങ്ങൾ ഇഷ്ടപ്പെട്ടതുപോലെ അവരെയും പരിഗണിക്കണം. യുവത്വത്തെ പുച്ഛരിച്ചു തള്ളരുത് എന്നർത്ഥം. നിങ്ങൾ ഒരു യുവാവാണെങ്കിൽ പ്രായമുള്ളവരെ ബഹുമാനിക്കയും നിങ്ങൾ പ്രായമാകുമ്പോൾ മററുള്ളവർ നിങ്ങളെ എങ്ങനെ സ്വീകരിക്കണമോ അതേപോലെ കണക്കാക്കി സ്വീകരിക്കുക.

4 മൂപ്പന്മാരെയും ശുശ്രൂഷകന്മാരെയും ഉപദേഷ്ടാക്കന്മാരെയും വിമർശിക്കുവാൻ നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ അവർക്കു വേണ്ടി പ്രാർത്ഥിക്കുക. അതുപോലെ തന്നെ മററു സഹസഹോദരങ്ങളെ കുറിച്ചു കുററം ആരോപിക്കുവാൻ പ്രേരിതരാകുമ്പോൾ അവർക്കു വേണ്ടി ദൈവത്തോടു അപേക്ഷിക്കുക. നിരന്തരമായ പ്രാർത്ഥന അവരുടെ ജീവിതത്തിനു മാററമുണ്ടാക്കുക മാത്രമല്ല നിങ്ങളുടെ ജീവിതത്തിലും അതു വളരെ ഗുണം ചെയ്യും, സ്വഭാവത്തിലും മനോനിരൂപണത്തിലും വിലയിരുത്തലിലും നിങ്ങൾക്കു വളരെ പ്രയോജനപ്പെടും. അതിശയകരമായ ഒരു സ്വഭാവ രൂപീകരണം നിങ്ങളിൽ തന്നെ രൂപപ്പെടും.

5 ഏതെങ്കിലും ഒരു ജോലി ചെയ്യാതെ കിടപ്പുണ്ടെങ്കിൽ ശ്രദ്ധിക്കുക. ഒരു പക്ഷെ അതു മററാരുടേയും കണ്ണിൽ പെട്ടില്ലെന്നു വിചാരിക്കുക. അല്ലെങ്കിൽ ചെയ്യേണ്ടവർ മറന്നു പോയിരിക്കാം. ഉടനെ നിങ്ങൾ ആ പ്രവൃത്തി ചെയ്യുക. അതു മറെറാരാൾക്കായി നീക്കിവെക്കരുത്. അതിനെ കുറിച്ചു നിഷേധാത്മകമായി ഒന്നും സംസാരിക്കാതിരിക്കയും വേണം.

6 നിങ്ങളുടെ പരാജയങ്ങൾക്കു മററുള്ളവരെ കുററം ചുമത്താതിരിക്കുക. മോശമായ മാതൃക മററുള്ളവരെ നിരാശപ്പെടുത്തും എങ്കിൽ ദൈവത്തോടുള്ള വിശ്വസ്തത എല്ലാവർക്കും പുലർത്താൻ കഴിയും. പക്ഷെ എല്ലാവരും അതിനു തയ്യാറാകണം. മനസ്സുണ്ടെങ്കിൽ ദൈവത്തിൽ വിശ്വസ്തരായി മുൻപോട്ടു പോകാം. നമ്മുടെ ദൈവത്തിലുള്ള വിശ്വാസം മററുള്ളവരുടെ പ്രവൃത്തിയിൽ ആസ്പദമാക്കാതിരിക്കുക.

7 ഓരോ ദിവസവും നിങ്ങൾ ഓർമ്മിക്കേണ്ടതെന്തെന്നാൽ സഭയെയും ലോകത്തെയും അഭിവൃദ്ധിപ്പെടുത്തുവാൻ യഥാർത്ഥമായി നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അതു ആരംഭിക്കേണ്ടതു നിങ്ങളിൽ നിന്നു തന്നെയാണ്. ദൈനന്തിന ജീവിതത്തിൽ സ്വയം മെച്ചപ്പെടുത്തൽ നിങ്ങളുടെ ലക്ഷ്യമായി തീരണം.

8 സഭയിൽ ബൈബിൾ പഠനത്തിനും ആരാധനക്കും ആദ്യമായി വരുന്നവരോടു നിങ്ങൾ എങ്ങനെ പെരുമാറുന്നു ? അവരോടു സംസാരിക്കാറുണ്ടോ ? അവരെ ഉത്തേജിപ്പിക്കണം. ദൈവ വചന സത്യത്തിന്റെ മാർഗ്ഗത്തിലേക്കു അവരെ നയിക്കുവാൻ നിങ്ങൾ ആണ് പ്രവർത്തിക്കേണ്ടത്. വ്യക്തികളായ എല്ലാ അംഗങ്ങൾക്കും ആ കർത്തവ്യം ഉണ്ട്. ഉദാസീനമായ മനോഭാവം അവരെ സഹായിക്കുകയില്ല. പലരും പിന്നീട് വരാതിരിക്കാൻ കാരണം എന്താണെന്നു ആലോചിക്കുക.

9 നിസ്വാർത്ഥമായ മനോഭാവമായിരിക്കണം നമ്മിൽ വേണ്ടത്. പ്രായമായവർക്കും രോഗികൾക്കും നമ്മുടെ ഇരിപ്പിടം നൽകുവാൻ നമുക്കു കഴിയണം. നമ്മേക്കാൾ നാം മററുള്ളവരെ വലുതായി കാണണം.

★

# ചക്രവാളം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

ചക്രവാളത്തിനും അപ്പുറം നോക്കിയാൽ,
പിന്നെയും കാണുമേ ചെമ്മാനപൊട്ടുകൾ
അർക്കൻെറ കാലുകൾ വീശിയും മിന്നിയും,
കുങ്കുമപൊട്ടുപോൽ മിന്നിതുടിക്കുന്നു.

ആദിത്യനാദിയിൽ വീശിയനല്ലൊളി,
ഭൂമിയാം കൂരിരുളെങ്ങോമറയുന്നു.
കിഴക്കുദിക്കിലുദിക്കും പ്രഭാകരൻ,
ആഴിയിൻ ആഴത്തിലാഞ്ഞുപതിക്കുന്നു.

നവരത്നകല്ലിനും ശോഭപകരുന്ന,
പ്രഭാകരാ അല്പം നില്ക്കുനീവേഗം.
ആരുനിനക്കീശോഭയെ തന്നുവോ,
നന്നായറിയുക സൂര്യനേ തങ്കമേ.

വിശ്വംപരേശ്വരി നീ അറിഞ്ഞീടുമോ,
നിന്നെമെനഞ്ഞതു സൃഷ്ടികർത്താവെന്ന്.
ആകയാലണ്ഡചരാചര ഗോളമേ,
വാഴ്ത്തിസ്തുതിക്കുക കർത്തനാം ഈശനെ.

★

# നിങ്ങൾ വെല്ലുവിളി ഇഷ്ടപ്പെടുന്നുവോ ?

ജോണി രാംസെ

ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി തീരുക എന്നതിനേക്കാൾ വലിയ വെല്ലുവിളിയില്ല. നീതിയുടെ വഴി പിന്തുടർന്നു ലഭിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ പ്രതിഫലം മറെറാരു ശ്രമകരമായ അദ്ധ്വാനത്തിനും ലഭിക്കുകയില്ല. ന്യായവിധിയോ, നിത്യതയോ, സ്വർഗ്ഗമോ, നരകമോ ഒന്നും ഇല്ലെങ്കിൽപോലും ആത്മാർത്ഥമായ ക്രിസ്തീയ ജീവിതം ഈ ഭൂമിയിൽ നയിക്കുക എന്നതു ഏററവും നല്ലൊരു കാര്യം തന്നെയാണ്. യേശുക്രിസ്തുവിൻെറ കാലടികളെ പിന്തുടരുവാൻ ശ്രമിക്കുന്ന ആളുകളെ സുവിശേഷം വിലയേറിയ വാഗ്ദാനത്തിലൂടെ ഉയർന്ന നിലവാരമുള്ള ജനമായി മാററുന്നു. നമുക്കു ചുററുപാടും വസിക്കുന്നവർക്കു അതിൻെറ പ്രയോജനം ലഭിക്കും (1 പത്രോസ് 2:21). പ്രയത്നത്തിനു നല്ല പ്രതിഫലം കിട്ടുമെങ്കിൽ ഈ വഴി പലപ്പോഴും എളുപ്പമല്ല. നമ്മുടെ രക്ഷകൻപോലും സ്വയം ത്യജിക്കലിലൂടെയാണ് ആ വഴി തിരഞ്ഞെടുത്തത് (ലൂക്കോസ് 9:23). ഒരു ക്രിസ്ത്യാനി എന്ന നിലയിൽ വിജയിക്കണമെങ്കിൽ ഒരാളുടെ ചിന്തയും പ്രവൃത്തിയും നിയന്ത്രണാധീനമാക്കണം എന്നു അപ്പൊസ്തലനായിരുന്ന പൌലൊസ് വ്യക്തമാക്കിയിട്ടുണ്ട് (1 കൊരിന്ത്യർ 9:27; 2 കൊരിന്ത്യർ 10:5). സുവിശേഷത്തിൻെറ വെല്ലുവിളിയെ ചിലർ നേരിട്ടു വിജയിക്കാതിരിക്കുന്നതിൻെറ കാരണം അവരുടെ താല്പര്യമില്ലായ്മയും

തീർച്ചയില്ലായ്മയുമാണ്. ഒരിക്കൽ ക്രിസ്തുവിന്റെ ദാസന്മാരായിരുന്നവർ പിന്നീട് ജഡത്തിന്റെ ഇച്ഛയ്ക്കു കീഴ്പ്പെട്ടു വിശാലമായ ലോകത്തിലേക്കു മടങ്ങി പോയതു എത്ര ഖേദകരമെന്നോർക്കുക (2 പത്രൊസ് 2:18),

ക്രിസ്ത്യാനിത്വം ആവശ്യപ്പെടുന്ന സ്വഭാവം ബൈബിളിന്റെ ആത്മാർത്ഥതയെ ആസ്പദമാക്കിയുള്ളതാണ്. ഭൂമിയിലെ ഗതിവേഗ ചുവടുകൾക്കൊന്നും ഊഹിക്കാൻ കഴിയുന്നതിനപ്പുറമാണ് വിശുദ്ധ വേദപുസ്തകത്തിന്റെ ആഴം. ഗലീലാ പുരുഷനോടുള്ള ധീരമായ ധ്യാനത്തിനു ദശലക്ഷക്കണക്കിനു ആളുകൾ വില കൊടുക്കാൻ തയ്യാറാകുന്നില്ല. സാത്താനെ അനുഗമിക്കാൻ വലിയ പരിശ്രമത്തിന്റെ ആവശ്യമില്ല. എന്നാൽ വീണ്ടെടുപ്പുകാരൻ സ്വീകരിക്കുന്നതു ഏററവും നല്ല ധ്യാനനിരതമായ ജീവിതമാണ് (ലൂക്കൊസ് 14:33). തിരുവെഴുത്തിന്റെ പരമാർത്ഥതയെ വിട്ടുവീഴ്ച്ച ചെയ്യുവാൻ ശ്രമിക്കുന്നവർ വിജയിക്കുകയില്ല. മനുഷ്യന്റെ ഉത്സാഹമില്ലാത്ത മനോഭാവം വലയിലെ കുരുക്കുകൾ പോലെയാണെന്നു വരുത്തിയിരിക്കയാണ്. രക്ഷാ സന്ദേശം ഒരിഞ്ചുപോലും വഴങ്ങി കൊടുക്കരുതാത്ത വിധത്തിൽ വ്യക്തമാക്കിയിട്ടുള്ളവനാണ് ക്രിസ്തു (യോഹന്നാൻ 10:5; 15:3).

ഉദാത്തമായ ഭാഷയിൽ കവിത രചിച്ച ഒരു കവി തന്റെ ഭാഷയിൽ വിവരിച്ചിരിക്കുന്നതു ഇങ്ങനെയാണ്. "ബൈബിളും ഞാനും, ഞങ്ങൾ ഒരുമിച്ചു യാത്ര ചെയ്തു. എല്ലാവിധത്തിലുള്ള കാലാവസ്ഥയിലും, പുഞ്ചിരിയോടും നെടുവീർപ്പോടും കൂടെ, ദുഃഖത്തിലും സൂര്യപ്രകാശത്തിലും കൊടുങ്കാററിലും ശാന്തതയിലും നിന്റെ

സൗഹൃദം മറ്റേതുമില്ലാത്തതും എന്റെ വിളക്കും സങ്കീർത്തവുമല്ലോ നീ''. ഈ വിലപ്പെട്ട പുസ്തകം ദൈവികവും ആശ്വാസ ദായകവുമാണ്. വിശ്വസ്തരായ വിദ്യാർത്ഥികൾക്ക് അതിലെ സന്തോഷം അയവിറക്കാൻ കഴിയും. നമ്മിൽ നിന്നു ഏറ്റവും നല്ലതു ആവശ്യപ്പെടുന്ന ബൈബിൾ നമുക്കു നല്കുന്നതു വിലപ്പെട്ട സമ്പാദ്യമാകുന്നു.

ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന പല സാഹചര്യങ്ങൾ ഉണ്ട്. അവ ഒഴിവാക്കുവാൻ കഴിയാത്ത വിധം നമ്മെ പിൻ പറ്റും. പക്ഷെ നാം അതിനെ നേരിടുകയും അഭിമുഖീകരിക്കയും വേണം. അതിനു പര്യാപ്തമായ വിധത്തിലാണ് തന്റെ വചനം ദൈവം തന്നിരിക്കുന്നത്. ചിലർക്കു സാഹസ പ്രവർത്തികൾക്കാണ് താല്പര്യം. മറ്റു ചിലർക്കു വളരെ എളുപ്പത്തിൽ കാര്യങ്ങൾ സാധിക്കണം എന്ന അഭിപ്രായമാണുള്ളത്. മതപരമായ വെല്ലുവിളി സ്വീകരിക്കയും അതിനെ തരണം ചെയ്യുവാൻ ദൈവവഴിയിൽ ഉറച്ചു നില്ക്കയും ചെയ്യുക എന്നതാണ് ഒരു ഉത്തമ ക്രിസ്ത്യാനി ചെയ്യേണ്ടത്. നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു (പ്രവൃത്തി 5:29(. സമൂഹത്തിന്റെ വെറുപ്പും അവഗണനയുമാണ് നിങ്ങൾ അഭിമുഖീകരിക്കുന്നതെങ്കിൽ ക്രിസ്തുവിന്റെ വാഗ്ദാനമാണ് നിങ്ങളുടെ ഉള്ളിൽ സ്ഥിരപ്പെടുത്തേണ്ടത്. നമ്മെ രക്ഷിപ്പാനും ശിക്ഷിപ്പാനും കഴിവുള്ളതു ദൈവത്തിനു മാത്രമാണ്. വെല്ലുവിളി പരീക്ഷണമാണെന്നോർക്കുക. പരീക്ഷ ജയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

★

# "ഞങ്ങൾ പാപം ചെയ്തു"

**നീൽ പൊളാർഡ്**

**സാ**മ്പത്തികമായി കരകയറുവാനുള്ള ശ്രമത്തിൽ ഒരു വ്യാപാരി സഹായത്തിനായി അപേക്ഷിക്കുന്നതു സ്വാഭാവികമാണ്. അയാൾ എന്തെല്ലാം വാഗ്ദാനം ചെയ്താലും തന്റെ പക്കലുള്ള സാധനങ്ങളുടെ വിവരണം നിരത്തിയാലും അധികം പേരും സഹായത്തിനായി മുന്നോട്ടു വരികയില്ല. എന്നാൽ അയാളിൽ വിശ്വാസം അർപ്പിച്ചിട്ടുണ്ടെങ്കിൽ ആളുകൾ സഹായിക്കും. ഒരു വ്യവസായി നല്ല കാഴ്ചപ്പാടോടുകൂടെ വിജയത്തിനായി നല്ലൊരു മാർഗ്ഗം സ്വീകരിക്കയാണെങ്കിൽ പ്രതിഫലത്തിനായി കാത്തിരിക്കണം. ഭാവിയിൽ പുരോഗതി ലഭിക്കുമ്പോൾ പഴയ സ്മരണ നിലനിർത്തുന്നവർ ചുരുക്കമായിരിക്കും. പക്ഷെ അയാളെ സഹായിച്ചവരും പ്രതിഫല വീതത്തിനായി കാത്തിരുന്നവരും മറക്കാറില്ല. കാരണം അവർ പ്രതീക്ഷിച്ചിരിക്കുന്നത് അയാളുടെ വാഗ്ദാനത്തിനായിട്ടാണല്ലൊ. ഇത്തരം സമൃദ്ധി കിട്ടുന്നതിനു വളരെ പരിശ്രമവും കാലതാമസവും നേരിടും എന്നു സംശയ രഹിതമായി പറയാം.

ഇസ്രായേൽ ദേശക്കാർ പഴയ നിയമ കാലത്തു ചെയ്ത തെററിനെ ഇത്തരത്തിൽ നമുക്കു കാണാവുന്നതല്ല. സംഖ്യാപുസ്തകം 13 ഉം 14 ഉം അദ്ധ്യായങ്ങൾ വായിച്ചാൽ അതു വ്യക്തമാകും. യോശുവയും കാലേബും ക്രിയാത്മകമായതും ശരിയായതുമായ വിവരത്തോടുകൂടെ മടങ്ങി വന്നപ്പോൾ പന്ത്രണ്ട് ചാരന്മാരുടെ കഥ ആർക്കെങ്കിലും ഓർമ്മിക്കാതിരിക്കാൻ പററുമോ ? പത്ത് ഒററുകാർ, ദേശത്തേയും ജനത്തേയും ദൈവത്തിൽ നിന്നകററുകയായിരുന്നു. കനാൻ ദേശം കരസ്ഥമാക്കുവാനുള്ള ദൈവ പദ്ധതിയ്ക്കെതിരായ പിറുപിറുപ്പ് ആളുകളെ ബധിരരാക്കി തീർത്തു. അവരുടെ വിശ്വാസമില്ലായ്മക്കും മത്സരത്തിനും എന്തു വില കൊടുക്കേണ്ടി വന്നു ? യോശുവയും

കാലേബും ഒഴിച്ച് ഇരുപതു വയസിനു മുകളിലുള്ളവരും അവർക്കുള്ളതും എല്ലാം മരുഭൂമിയിൽ പട്ടുപോയി യോശുവ 14:29-30; 14:36-37).

ഇസ്രായേലിൻെറ തെററും തുടർന്നുണ്ടായ ദൈവത്തിൻെറ ന്യായവിധിയും ആ ദേശത്തെ ദുഃഖത്തിലാഴ്ത്തി (14:39). അവരുടെ മൂക്കിനു താഴെ സംഭവിച്ച പ്രമുഖ നായകന്മാരുടെ മരണത്തിൻെറ ദുർഗന്ധവും ഭാവിയെ സംബന്ധിച്ച ഇരുളടഞ്ഞ ഭീതിയും , അവരിൽ പെരുകി വന്നു. അതുകൊണ്ടു ഇപ്പോഠം അവരുടെ ഹൃദയം കർത്താവിങ്കലേക്കു തിരിയുവാനായി കീഴ്പ്പെടുത്തി. അവർ മാനസാന്തരപ്പെടുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. അവരുടെ തെററിനെ കുറിച്ചു അവർക്കു ബോധോദയം ഉണ്ടായി. അവർ പർവ്വതത്തിലേക്കു കയറി പോയി താല്പര്യത്തോടുകൂടെ വിവരിച്ചു പറഞ്ഞു. ''ഇതാ ഞങ്ങഠം, ദൈവം വാഗ്ദാനം ചെയ്ത ദേശത്തേക്കു ഞങ്ങഠം പോകാം. ഞങ്ങഠം പാപം ചെയ്തു പോയി'' എന്നവർ സമ്മതിച്ചു (14:40). ദൈവത്തിനെതിരായി പാപം ചെയ്യുന്നവർ അതിനു കൊടുക്കേണ്ടി വരുന്ന വലിയ വിലയെ മോശെ അവരോടു അറിയിച്ചു (14:39_45).

## ദുഃഖത്തിൻെറ ഉറവിടം പാപം അത്രേ

ജനങ്ങഠം വളരെയധികം കരയാറുള്ളത് എന്തുകൊണ്ടാണ് ? അധർമ്മം അഥവാ നിയമ ലംഘനമാണ്. വിശ്വാസമില്ലായ്മ പാപമാണ്; വിശ്വാസക്കുറവ് പാപമാണ്. അതു ദൈവിക ശിക്ഷക്കു കാരണമാകുന്നു. പാപം വൈകല്യമാണ്, രോഗമാണ്, ബലഹീനതയാണ്. ഏതൊരു പാപിയോടു ചോദിച്ചാലും അതു ക്രമേണ ശരീരത്തെയും മനസിനെയും ദുർബ്ബലമാക്കുന്നതാണ് എന്നു സമ്മതിക്കും. അതു വ്യഭിചാരമോ, മദ്യപാനമോ, പുകവലിയോ, കുലപാതകമോ എന്തു തന്നെയായാലും വാസ്തവം തന്നെ. ധനവാന്മാരായ ചിലരുടെമേൽ വരുവാനിരിക്കുന്ന ദുരിതങ്ങഠം

നിമിത്തം കരഞ്ഞു മുറയിടുവിൻ എന്നു യാക്കോബ് പറഞ്ഞിരിക്കുന്നു (യാക്കോബ് 5:1). ദാവീദിന്റെ പാപം അവന്റെ കണ്ണുകളിൽ ഭയം ഉളവാക്കി (സങ്കീർത്തനങ്ങൾ 51). യേശുക്രിസ്തുവിന്റെ അടുക്കൽ വന്ന ധനികനായ യുവാവും ദുഃഖിച്ചു പൊയ്ക്കളഞ്ഞു (മത്തായി 19:22). പാപമാണ് മനുഷ്യരെ ദുഃഖിപ്പിക്കുന്നതെന്നോർക്കുക.

## കർത്താവിന്റെ കല്പന ലംഘിക്കുന്നതു പാപമാണ്

നിങ്ങൾ യഹോവയുടെ കല്പന പ്രമാണിക്കാതിരിക്കുന്നതു എന്ത് എന്നു മോശെ ഇസ്രായേൽ മക്കളോടു ചോദിക്കയുണ്ടായി. ദൈവം അവർക്ക് വാഗ്ദാനം ചെയ്ത ദേശം അവർക്കു കൈവശമാക്കാവുന്നതല്ല എന്ന ധാരണയായിരുന്നു അവർക്കുണ്ടായിരുന്നത്. അവരുടെ പരിമിതികളിലാണ് അവർ ആശ്രയിക്കുന്നത് എന്നർത്ഥം. ദൈവം അവർക്കു മുൻപായി പോകാൻ ആഗ്രഹിച്ചുവെങ്കിലും അവരുടെ അനുസരണമില്ലായ്മ അവരെ മരുഭൂമിയിൽ ചുററിത്തിരിയുവാൻ ഇടയാക്കി. പർവ്വതത്തിന്റെ മുകളിൽ വെച്ചുപോലും അവർ തിരഞ്ഞെടുത്തത് നിയമ ലംഘനമായിരുന്നു. എല്ലാ പാപവും അധർമ്മമാണ് (1 യോഹന്നാൻ 3:4).

## അഭിവൃദ്ധിപ്പെടാത്ത പ്രസ്താവനയാണ് പാപം

കനാൻ കൈവശമാക്കുവാൻ ഇസ്രായേൽ തയ്യാറെടുത്തപ്പോൾ മോശെ മുന്നറിയിപ്പു നല്കി. പാപം വഞ്ചിക്കുമെന്നതുകൊണ്ട് ഇതു വിജയിക്കാൻ പോകുന്നില്ല എന്നതായിരുന്നു മുന്നറിയിപ്പ്. ഇക്കാരണത്താലാണ് അനേകർ തെററു ചെയ്യുന്നത്. അതു കാണാൻ മനോഹരം, നല്ലതാണെന്നു തോന്നും, കേൾക്കുമ്പോൾ ഇമ്പമായി അനുഭവപ്പെടും. അങ്ങനെ അതു ചെയ്യാമെന്നു തീരുമാനിക്കും (1 യോ

ഹന്നാൻ 2:15-17). മരണകാരിയായ മഹാരോഗമാണ് പാപം (റോമർ 8:23). ജീവിത സുഖത്തിലെ ആവശ്യ ഘടകമായി പാപം മാറിയിരിക്കുന്നു (യാക്കോബ് 4:4). ആത്മീയ വിഷമാണ് പാപം (റോമർ 6:23). പാപം ഒരിക്കലും ആർക്കും ആത്മീയ ഉയർച്ച നല്കുന്നില്ല.

## ദൈവം ഇല്ലാത്ത പ്രവൃത്തിയാണ് പാപം

മോശെ ഇസ്രായേൽ ജനത്തോടു ഒരിക്കൽ പറഞ്ഞു: ''കർത്താവു നമ്മുടെ മദ്ധ്യത്തിൽ ഇല്ല'' ദൈവം ആഗ്രഹിക്കാത്തതു ചെയ്യുമ്പോൾ ദൈവം നമ്മിൽ നിന്നകലുന്നു അധർമ്മമാണ് ദൈവത്തെയും നമ്മെയും തമ്മിൽ അകററുന്നത്. ദൈവം പ്രസാദിക്കത്തക്ക രീതിയിൽ നാം കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവം നമ്മോടൊപ്പം ഉണ്ടാകും. നാം എവിടെ പോകുകയാണെങ്കിലും ദൈവം നമ്മോടൊപ്പം ഉണ്ടാകണമെന്നില്ല. കർത്താവു കല്പിച്ചിട്ടുള്ള സ്ഥലത്തായിരിക്കണം നാം പോകേണ്ടത്. നാം തിരഞ്ഞെടുക്കുന്ന കൂട്ടുകാരനോ ജീവിത പങ്കാളിയോ ദൈവഹിത പ്രകാരമുള്ളതാണെങ്കിൽ സുരക്ഷിതരായിരിക്കും.

## പാപം പരാജയപ്പെടുത്തുന്നു

ദൈവിക സഹായം ഉണ്ടെങ്കിൽ നമുക്കെല്ലാം ചെയ്യുവാൻ സാധിക്കും (ഫിലിപ്പിയർ 4:13). കർത്താവിനെ കൂടാതെ നമുക്കെന്തു ചെയ്യുവാൻ കഴിയും? യഹോവ നിങ്ങളോടുകൂടെ ഉണ്ടായിരിക്കയില്ല എന്നു മോശെ മുന്നറിയിപ്പു കൊടുത്തിട്ടും അവർ കനാനിലേക്കു പോകുവാൻ നിശ്ചയിച്ചു. എന്നാൽ അമാലേക്യരും കനാന്യരും അവരെ ഓടിച്ചു പിന്തിരിപ്പിച്ചു. മുൻപ് ദൈവത്തിന്റെ ഇഷ്ടം മാനിക്കാതെ ദൈവം അവരോടുകൂടെ ഉണ്ടായിരിക്കയില്ല എന്ന് ഇസ്രായേൽ മുൻപ് മനസിലാക്കി. ഇപ്പോഴം അവരുടെ സ്വന്തം ഇഷ്ടം നിറവേററുന്നതിനും ദൈവസഹായം കൂട്ടിയേ തീരൂ എന്നു അവർ തിരിച്ചറിഞ്ഞു.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram and J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To